# ലോകസമാധാനം :
# ഇസ്‌ലാമിക പാഠങ്ങൾ

ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ്
സയ്യിദുനാ ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ
ഖലീഫത്തുൽ മസീഹ് അൽഖാമിസ്
(അയ്യദഹുല്ലാഹ് തആലാ ബിനസ്‌രിഹിൽ അസീസ്)



# ലോകസമാധാനം :
# ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ


**ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ്**
**സയ്യിദുനാ ഹദ്‌റത്ത് അമീറുൽ മുഅ്‌മിനീൻ**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**
**(അയ്യദഹുല്ലാഹ് തആലാ ബിനസ്‌രിഹിൽ അസീസ്)**


**2022 ആഗസ്റ്റ് 21 ഞായറാഴ്ച**
**ഐവാനെ മസ്‌റൂർ, ഇസ്‌ലാമാബാദ്, ടിൽഫോർഡ് യു.കെ**


**വിവർത്തനം:**
**എച്ച്.ശംസുദ്ദീൻ കാവശ്ശേരി**

**പ്രസാധനം:**
**നസാറത്ത് നശ്‌റോ ഇശാഅത്ത്, ഖാദിയാൻ**

Name of Book : **ലോകസമാധാനം : ഇസ്‌ലാമിക പാഠങ്ങൾ**
(Loka Samadhanam : Islamika Paddangal)
Orginal : Haqiqi Aman Islami Talimat ki Roshni me (Urdu)
Address Delivered by : **Hazrat Mirza Masroor Ahmad**
Khalifatul Masih V[th]

Translator :H. Shamsuddin,Kavassery

Edition :1[st] Edition Malayalam 2024

Quantity:1000

Publisher : Nazarat Nashr-o-Isha'at,
Qadian, 143516 Distt.Gurdaspur, (Punjab)

Printed at : Fazl-e-Umar Printing Press,
Qadian 143516 Distt. Gurdaspur (Punjab)

അത്യുന്നതമായ ഒരു അസ്തിത്വത്തിൽ വിശ്വസിക്കാത്തിടത്തോളം യഥാർഥ സമാധാനം സ്ഥാപിതമാകുകയില്ല. അല്ലാഹു സമാധാനം നൽകുന്നവനാണെന്ന വിശ്വാസം നബി(സ)തിരുമേനി മുഖേന ഇസ്‌ലാം മാത്രമാണ് അവതരിപ്പിച്ചത്. അല്ലയോ യൂറോപ്പ്! നീ സുരക്ഷിതമല്ല. അല്ലയോ ഏഷ്യാ! നീയും സുരക്ഷിതമല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരെ ഒരു കൃത്രിമ ദൈവവും നിങ്ങളെ സഹായിക്കുന്നതല്ല. ഞാൻ പട്ടണങ്ങൾ മറിഞ്ഞു വീഴുന്നതായി കാണുന്നു ജനവാസ കേന്ദ്രങ്ങൾ ജനശൂന്യമായി തീരുന്നതായും ഞാൻ കാണുന്നു.

**(ഹദ്റത്ത് മസീഹ് മൗഊദ്)**

---

അത്തരം ഘട്ടത്തിൽ പ്രതീക്ഷയുടെ കിരണവും സമാധാനത്തിന്റെ ജാമ്യവും നല്കാൻ ആർക്കെങ്കിലും സാധ്യമെങ്കിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അധ്യാപനവുമായി അല്ലാഹു ലോകത്തയച്ച ഒരാൾക്കു മാത്രമെ കഴിയുകയുള്ളു. അദ്ദേഹം സമാധാനത്തിന്റെ ചക്രവർത്തിയാണ്. അല്ലാഹുവിന് എല്ലാ മനുഷ്യരെക്കാളും ഏറെ ഇഷ്ടപ്പെട്ട വ്യക്തി അദ്ദേഹമാണ്. അദ്ദേഹത്തിനുമേൽ സമ്പൂർണവും തികവുറ്റതും അവസാനത്തേതുമായ അല്ലാഹുവിന്റെ ശരീഅത്ത് ഇറങ്ങി. അതിന്റെ അധ്യാപനം അനുരക്തിയുടേയും സ്നേഹത്തിന്റേതുമാണ്.

---

വ്യക്തിയ്ക്കും കുടുംബത്തിനും വംശത്തിനും ദേശത്തിനും രാജ്യത്തിനുമതീത മായി സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴാണ് യഥാർഥ സമാധാനമുണ്ടാകുന്നത്. ഒരു കേന്ദ്രഅച്ചുതണ്ട് കൈവരിക്കുന്നതിനുവേണ്ടി ചെയ്യുമ്പോഴാണ്. ഇതു സംഭാവ്യ മാകുന്നത്, തന്റെമേൽ ഒരു ഉന്നത അസ്തിത്വമുണ്ടെന്നും അവൻ തനിക്കുവേണ്ടി മാത്രമല്ല സമാധാനം ആഗ്രഹിക്കുന്നതെന്നും പ്രത്യുത മുഴുലോകത്തിനു വേണ്ടിയുമാണ് ആഗ്രഹിക്കുന്നതെന്നും മനസ്സിലാക്കുമ്പോഴാണ്.

---

അല്ലാഹു തന്റെ പ്രകാശം - അത് ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി സ്വല്ല ല്ലാഹു അലയ്ഹിവസല്ലമാണ് - വിശുദ്ധ ഖുർആൻ - അത് തിളക്കമാർന്ന ഗ്രന്ഥവും എല്ലാ അറിവുകളുടേയും ജ്ഞാനങ്ങളുടേയും ഉൽഭവസ്ഥാനവും സന്മാർഗത്തിന്റെ പ്രകാശവും സമാധാനത്തിന്റെ സന്ദേശവുമാണ് - അയച്ചു കൊണ്ട് മനുഷ്യത്വത്തിനുമേൽ വളരെ വലിയ ഔദാര്യം ചെയ്തു. മനുഷ്യൻ അതിനെ പ്രയോജനപ്പെടുത്താതെ തങ്ങളെ നശിപ്പിക്കുന്ന സ്വർഥപരമായ നേട്ടങ്ങളുടെ അടിമയായിരിക്കുകയാണെങ്കിൽ അതിനെക്കാൾ വലിയ ദൗർഭാഗ്യം മറ്റെന്താകാനാണ്.

---

നബി(സ)തിരുമേനിയുടെ സത്യസേവകനോടൊപ്പം ബന്ധിപ്പിച്ചു നിറുത്തേണ്ടതും അനിവാര്യമാണ്. അപ്പോൾ മാത്രമെ അറിവിന്റേയും വിജ്ഞാനത്തിന്റേയും ശരിയായ ഗ്രാഹ്യമുണ്ടാകുകയുള്ളു.

ഇന്ന് ഈ ജോലി വാഗ്ദത്ത മസീഹിന്റെ ജമാഅത്തിനാണ് ഏല്പിക്കപ്പെട്ടി ട്ടുളളത്. നമ്മൾ ഗാർഹിക തലംമുതൽ അന്താരാഷ്ട്ര തലംവരെ ഇതനുസരിച്ച് നമ്മുടെ പങ്കു വഹിക്കുന്നില്ലെങ്കിൽ നമ്മളും സമാധാനത്തിലും ശാന്തിയിലുമിരിക്കുമെന്നതിന് ഒരു ജാമ്യവുമില്ല.

നമ്മുടെ ശത്രുക്കൾ എന്തുവേണമെങ്കിലും ചിന്തിച്ചുകൊള്ളട്ടെ. ചെയ്തു കൊള്ളട്ടെ. നമുക്ക് നബി(സ)തിരുമേനിയോടു സത്യസന്ധമായ സ്നേഹമുണ്ടെങ്കിൽ അവിടത്തെ അധ്യാപനം സ്വായത്തമാക്കുക. ലോകത്ത് പരത്തുകയും ചെയ്യുക.

ഇന്ന് ലോകത്തിന്റെ ശാന്തിക്കും സമാധാനത്തിനും ഇതു മാത്രമാണ് പരിഹാരം. വരികയും ശാന്തിയുടേയും സമാധാനത്തിന്റേയും പാഠം നല്കുന്ന ഈ മഹാനവർകളുമായി ചേർന്ന് ഇഹലോകത്തും പരലോകത്തും നമ്മുടെ സമാധാനത്തിനുള്ള സാമഗ്രികളൊരുക്കുക.

ജനങ്ങളുടെ ഉള്ളിൽ സത്യസന്ധമായ സാഹോദര്യബന്ധം ഉണ്ടാകാത്തിടത്തോളം സമാധാനം സ്ഥാപിതമാകുകയില്ല. യഥാർഥമായ സാഹോദര്യബന്ധം ഏകനായ ദൈവത്തെ വിശ്വസിക്കാത്തിടത്തോളം ഉണ്ടാകുകയുമില്ല.

നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയ സമ്പൂർണ ന്യായപ്രമാണത്തിൽ വിവരിച്ചിട്ടുള്ള അധ്യാപനങ്ങളുടെ വെളിച്ചത്തിൽ യഥാർഥവും സുസ്ഥിരവുമായ ലോകസമാധാന സംസ്ഥാപനത്തെ കുറിച്ചുള്ള വിവരണം.

ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് സ്വഭാവ സംസ്കരണം നടത്തി ലോകത്തിന് മനോഹരമായ മാതൃകയാകാൻ ജമാഅത്തംഗങ്ങൾക്ക് ഉപദേശം.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ﴿۱﴾
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ﴿۲﴾ الرَّحْمٰنِ الرَّحِيْمِ ﴿۳﴾ مٰلِكِ يَوْمِ الدِّيْنِ ﴿۴﴾ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ﴿۵﴾
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ﴿۶﴾ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَ لَا الضَّآلِّيْنَ ﴿۷﴾

ലോകത്തിന്റെ നിലവിലെ സാഹചര്യത്തിലും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജർമനിക്ക് ജൽസാ സാലാന നടത്തുന്നതിനുള്ള തൗഫീഖ് ലഭിച്ചത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹവും ഔദാര്യവുമാകുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിപുലമായ സൗകര്യത്തോടെ നിങ്ങൾ ഈ ജൽസ നടത്തുകയാണ്. ഇതുവരെ കോവിഡ് മഹാമാരി ലോകത്തെ പ്രയാസത്തിലാക്കിയിരുന്നു. ഇപ്പോൾ ആ മഹാമാരിയുടെ പ്രയാസങ്ങൾ അവസാനിക്കുന്നതിനു മുമ്പു തന്നെ യുദ്ധസാഹചര്യങ്ങൾ വളരെ അപായകരമായ ഒരു അവസ്ഥാവിശേഷത്തിലേക്ക് ലോകത്തെ എത്തിച്ചിരിക്കുകയാണ്. ലോകത്തിലെ ഒരു പ്രദേശവും ഈ ആസന്നമായ നാശത്തിൽ നിന്ന് സുരക്ഷിതമായിക്കാണുന്നില്ല. ഏകദൈവമായ അല്ലാഹുവിലേക്ക് തിരിയാത്തിടത്തോളം ഈ നാശത്തിൽ നിന്ന് രക്ഷപ്പെടാനും സാധിക്കുകയില്ല. യുദ്ധങ്ങളുടെയും കുഴപ്പങ്ങളുടെയും അവസ്ഥകളും, പ്രദേശങ്ങളും രാജ്യങ്ങളും നശിക്കുന്ന സാഹചര്യങ്ങളും തങ്ങളിൽ നിന്ന് ആയിരക്കണക്കിന് മൈൽ ദൂരത്താണെന്നും അതിനാൽ തങ്ങൾ സുരക്ഷിതരാണെന്നുമായിരുന്നു തുടക്കത്തിൽ യൂറോപ്പും പാശ്ചാത്യരാജ്യങ്ങളും മറ്റ് വികസിതരാഷ്ട്രങ്ങളും ധരിച്ചിരുന്നത്. വളരെ മോശമായ സ്ഥിതി വിശേഷമാണുള്ളത്. ബോംബുകൾ വർഷിച്ച് കൊണ്ടിരിക്കുന്നു. ജനങ്ങൾ മരിച്ചൊടുങ്ങുന്നു. സ്ത്രീകൾ വിധവകളായിക്കൊണ്ടിരിക്കുന്നു. കുട്ടികൾ അനാഥരാകുന്നു. ജനങ്ങൾ വികലാംഗരായിക്കൊണ്ടിരിക്കുന്നു. ഇതൊക്കെ ഏഷ്യയിലോ അല്ലെങ്കിൽ മധ്യേഷ്യയിലോ അല്ലെങ്കിൽ ദരിദ്രരാജ്യങ്ങളിലോ ആണെന്നും നമുക്ക് അതുകൊണ്ട് എന്ത് പ്രയാസമുണ്ടാകാനാണ് എന്നും അവർ കരുതുന്നു. വികസിത രാഷ്ട്രങ്ങൾ ഇത്തരം രാജ്യങ്ങൾക്ക് ആയുധങ്ങൾ നൽകിക്കൊണ്ട്, തങ്ങളുടെ ഈ ആയുധങ്ങൾ വിറ്റ് പോയാൽ മതി മറ്റുള്ളവർ മരിച്ചൊടുങ്ങുകയാണെങ്കിൽ മരിച്ചുപോകട്ടെ അതുകൊണ്ട് എന്ത് പ്രശ്നമുണ്ടാകാനാണ് എന്നെല്ലാം അവർ ധരിക്കുന്നു. എന്നാൽ ഈ അവസ്ഥകൾ അവർക്കുമേലും വരുന്നതാണെന്ന കാര്യം അവർ മറന്നു പോകുകയാണ്. തങ്ങളുടെ പുരോഗതിയുടെ അഹങ്കാരത്തിൽ അവരുടെ ബുദ്ധി നശിച്ചിരിക്കുന്നു. അവരുടെ കണ്ണുകൾ അന്ധ

മായി പോയിരിക്കുന്നു. അങ്ങനെ ഇപ്പോൾ എന്തിനെ കുറിച്ചാണോ ആശങ്കയുണ്ടായിരുന്നത്, അതുതന്നെ സംഭവിച്ചു തുടങ്ങിയിരിക്കുന്നു എന്ന് മുഴുലോകവും ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു. യൂറോപ്പിലും യുദ്ധസാഹചര്യങ്ങൾ സംജാതമായിരിക്കുന്നു. ഉക്രൈൻ കാരണം റഷ്യയും നാറ്റോ രാജ്യങ്ങളും പരസ്പരം നേർക്കുനേർ നിൽക്കുന്നു. ആരാണ് അവസാനം മേൽക്കോയ്മ നേടിയെടുക്കുക അല്ലെങ്കിൽ രണ്ടു ഭാഗത്തും എത്രത്തോളം നഷ്ടം ഉണ്ടാകുമെന്നെല്ലാം അല്ലാഹുവിനെ അറിയുകയുള്ളു. എന്നാൽ ഒരു കാര്യം ഉറപ്പാണ് ഇതിന്റെ പരിണിത ഫലങ്ങൾ വളരെ അപകടകരമായിരിക്കും.ഇപ്പോഴും വിവേകത്തോടെ നീങ്ങുന്നില്ലെങ്കിൽ വളരെ ഭയാനകമായ നാശമാണ് അതിന്റെ പരി ണിതഫലമായി ഉണ്ടാകുക. ഇപ്പോൾ തായ്‌വാന്റെ പ്രശ്നങ്ങളും ഉയർന്നു വരുന്നതായി നാം കാണുന്നു. മുഴുവൻ ലോകവും വളരെ ഭയാനകമായ യുദ്ധത്തിന്റെ വക്കിലാണ് വന്ന് നിൽക്കുന്നത് എന്ന കാര്യം വ്യക്തമാണ്. ഈ കാലഘട്ടത്തിൽ അല്ലാഹു നിയോഗിച്ച മഹാത്മാവ് വളരെ ശക്തമായ നിലയിൽ മുന്നറിയിപ്പ് നല്കിക്കൊണ്ട് പറയുന്നു. അല്ലയോ യൂറോപ്പ്! നീയും രക്ഷയിലല്ല. അല്ലയോ ഏഷ്യാ! നീയും സുരക്ഷിതമല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരെ ഒരു കൃത്രിമ ദൈവവും നിങ്ങളെ സഹായിക്കുന്നതല്ല. ഞാൻ പട്ടണങ്ങൾ മറിഞ്ഞു വീഴുന്നതായി കാണുന്നു ജനവാസ കേന്ദ്രങ്ങൾ ജനശൂന്യമായി തീരുന്നതായും ഞാൻ കാണുന്നു.(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ, ഭാഗം:22, പേജ്: 269)

ഈ മുന്നറിയിപ്പു കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫമാർ സമയാസമയങ്ങളിൽ ഇതിലേക്ക് ശ്രദ്ധതിരിച്ചുകൊണ്ടിരുന്നു. തങ്ങളെ സൃഷ്ടിച്ച ഏകദൈവത്തിലേക്ക് തിരിയുന്നില്ലെങ്കിൽ തീർച്ചയായും നാശം ഉണ്ടാകുന്നതാണ് എന്ന വസ്തുതയിലേക്ക് ഞാനും ഒരു നീണ്ട കാലമായി ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. ചേരികൾ(blocks) ഉണ്ടായി ക്കൊണ്ടിരിക്കുന്നുവെന്നും അതിന്റെ പരിണിതഫലം പ രസ്പരം നാശം വരുത്തിവയ്ക്കുക മാത്രമായിരിക്കുമെന്നും അതു കൊണ്ട് നിങ്ങൾ ചിന്തിക്കുകയെന്നും ഞാൻ നീണ്ടകാലമായി പ റഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ജാഗരൂകരായിരിക്കുക. ആളു കൾ ഈ കാര്യങ്ങൾ കേൾക്കാറുണ്ട്, മുൻപും കേട്ടിരുന്നു, ഇപ്പോഴും കേൾക്കുന്നുണ്ട്. പക്ഷെ എന്നിട്ടും പറയുന്നു; അവസ്ഥകൾ കുറച്ച് മോശമാണ്. ശരിയാണ് കുറച്ചധികം മോശമാണ്. എന്നാൽ നിങ്ങൾ പറയുന്ന അത്രയും ഭയാനകവും നിരാശാജനകവുമായ ഒരു അവസ്ഥ നിലവിലില്ല. എന്നോടും ജമാഅത്തിലെ ചില ആളുകളോടും ഈ

കാര്യം പലരും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനെയൊക്കെ വെറും ഉപരിപ്ലവമായി കണ്ടിരുന്ന ആളുകൾ ഇപ്പോൾ പറയുന്നു; അവസ്ഥകൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണ്, ഈ അവസ്ഥതന്നെ തുടരുകയാണെങ്കിൽ ഏതെങ്കിലുമൊരു സമയത്ത് വളരെ ഭയാനകമായ ഒരു യുദ്ധത്തിലേക്ക് അത് മാറുന്നതാണ്. അവരിലെ വിദഗ്ദരും നിരീക്ഷകരും പൊതുവെ ഇതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നാൽ ശാശ്വതമായ സമാധാനം ഉണ്ടാക്കുന്നതിനുള്ള ഒരു പ്രതിവിധിയും അവരുടെ പക്കലില്ല. അവർക്ക് എങ്ങിനെയാണ് ഇതിന് കഴിയുക? സമാധാനത്തിന്റെ സ്രോതസ്സിലെക്ക് അവരുടെ ശ്രദ്ധ തിരിയുന്നില്ല. അവർ ഭൗതികതയിൽ ആണ്ടുപോയിരിക്കുന്നു. അവർ ദീനിനെ മറക്കുകയും ചെയ്തിരിക്കുന്നു.

സമാധാനം കണ്ടെത്താനുള്ള വഴികളിലേക്ക് അമുസ്ലിം രാഷ്ട്രങ്ങളും, ദൗർഭാഗ്യവശാൽ മുസ്ലിം രാഷ്ട്രങ്ങളും പദമൂന്നാൻ ആഗ്രഹിക്കുന്നില്ല. നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ യുദ്ധങ്ങളുടെ പരിണിതഫലമായി ഉണ്ടാകുന്ന വിനാശകരമായ അവസ്ഥ എത്രമാത്രം ഭയാനകമാണെന്നുവെച്ചാൽ, അണുവായുധപ്രയോഗം മൂലം, ഒരേകദേശ കണക്കനുസരിച്ച് യുദ്ധത്തിന്റെ സമയത്തും യുദ്ധശേഷമുള്ള രണ്ട് വർഷങ്ങളിലും കൂടി 66 ശതമാനം ജനങ്ങളും ഈ ലോകത്തു നിന്ന് നശിച്ച് നാമാവശേഷമായിപ്പോകുന്നതാണ്. എത്രത്തോളം വിനാശകരമായ അവസ്ഥയാണെന്നാൽ അതിന്റെ പരിണിതഫലത്തെ സംബന്ധിച്ച് ചിന്തിക്കാൻ പോലും സാധ്യമല്ല. ഒരു സാധാരണക്കാരന് ഇതുസംബന്ധിച്ച് ആലോചിക്കാൻ പോലും കഴിയില്ല. വളരെ ഭയാനകമായൊരു അവസ്ഥയാണുള്ളത്.

ഇപ്പോൾ എന്തെങ്കിലും രീതിയിലുള്ള ഒരു പ്രകാശത്തിന്റെ കിരണമുണ്ടെങ്കിൽ അല്ലെങ്കിൽ സമാധാനത്തിനുള്ള ഒരു ജാമ്യമുണ്ടെങ്കിൽ അത് ഒരേയൊരു അസ്തിത്വമാകുന്നു. ആ മഹാത്മാവിനെ അല്ലാഹു സമാധാനത്തിന്റെ സന്ദേശവുമായി ലോകത്ത് നിയോഗിച്ചിരിക്കുന്നു. അദ്ദേഹം സമാധാനത്തിന്റെ ചക്രവർത്തിയാകുന്നു. അദ്ദേഹത്തെ അല്ലാഹുവിന് മനുഷ്യകുലത്തിൽ ഏറ്റവും ഇഷ്ടപ്പെടുന്നു. അല്ലാഹു തന്റെ അവസാന പരിപൂർണമായ ശരീഅത്ത് അദ്ദേഹത്തിന് ഇറക്കിക്കൊടുത്തിരിക്കുന്നു. അതിന്റെ അധ്യാപനങ്ങൾ സഹിഷ്ണുതയുടേയും സ്നേഹത്തിന്റെയും സന്ദേശമാകുന്നു. അല്ലഹുവുമായിട്ടുള്ള തന്റെ ബന്ധവും തനിക്കുമേൽ ഇറങ്ങിയിട്ടുള്ള ഈ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിച്ച് ലോകത്തെ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനുള്ള ചിന്തയും അതിനായി അനുഭവിച്ച തീവ്രമായ വേദനയും

കാരണത്താൽ ആ മഹാത്മാവ് ക്ഷീണിതനായി. ആ വേദനാജനകമായ അവസ്ഥയിൽ തേങ്ങിക്കരഞ്ഞുകൊണ്ട് അല്ലാഹുവിനോട് എത്രമാത്രം ദുആ ചെയ്തുകൊണ്ടിരുവെന്നാൽ അല്ലാഹു ആ മഹാത്മാവിനോട് അതായത് നബി തിരുമനി(സ)യോട് പറഞ്ഞു.

لَعَلَّكَ بَاخِعٌ نَّفْسَكَ اَلَّا يَكُوْنُوْا مُؤْمِنِيْنَ

ഈ ജനങ്ങൾ വിശ്വസിക്കുന്നില്ല എന്ന കാരണത്താൽ നീ നിന്റെ ജീവനെ നശിപ്പിച്ചുകളയുമോ? (വി.ഖു. 26:4)

ഹൃദയത്തിൽ മനുഷ്യകുലത്തോട് അനുകമ്പയുള്ള ഈ മഹാത്മാവ് ജനങ്ങൾ തങ്ങളുടെ സ്രഷ്ടാവിലേക്ക് തിരിയണമെന്നും നാശത്തിൽ നിന്നും രക്ഷപ്പെടണമെന്നും അങ്ങനെ അവർ തങ്ങളുടെ ഇഹലോകവും പരലോകവും സുരക്ഷിതമാക്കണമെന്നും ആഗ്രഹിച്ചിരുന്നു.ആ മഹാത്മാവ് ജനങ്ങൾക്ക് നല്കിയ സമ്പൂർണമായ അദ്ധ്യാപനത്തിനു പകരം വെക്കാൻ മറ്റൊരു അധ്യാപനത്തിനുമാകില്ല. തിരുനബി(സ) നല്കിയ സമാധാനത്തിന്റെ ജാമ്യം അല്ലാഹു നൽകിയ സമാധാനത്തിന്റെ ജാമ്യമാകുന്നു. എന്നാൽ ദൗർഭാഗ്യകരമെന്നുപറയട്ടെ, മുസ്‌ലിംങ്ങളും ഈ അധ്യാപനത്തെ മറന്നിരിക്കുന്നു. അവർ വെറും നാവുകൊണ്ടുള്ള മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് പരസ്പരം രക്തദാഹികളാത്തീർന്നിരിക്കുന്നു. അതിനു വേണ്ടി അന്യരുടെ സഹായം അവർ തേടുന്നു. കലിമ ചൊല്ലുന്നവരെ ദീനിന്റെ എതിരാളികളുടെ സഹായത്താൽ അവർ വധിക്കുന്നു. ഇതിനേക്കാൾ മോശമായ അവസ്ഥ മുസ്‌ലിംകൾക്ക് എന്താണ് വരാനുള്ളത്. ഇത്രയും മനോഹരമായ സന്ദേശത്തെയും ആർദ്രഹൃദയമുള്ള ഒരു പ്രവാചകനെയും പിന്തുടരുന്നുവെന്ന് അവകാശവാദമുന്നയിച്ചു കൊണ്ട് അല്ലാഹുവിന്റെ അനിഷ്ടത്തെയാണ് അവർ സമ്പാദിച്ചുകൊണ്ടിരിക്കുന്നത്. ലോകത്ത് സമാധാനം പരത്തുന്നതിനു പകരം അസമാധാനം പരത്തുന്നതിൽ അവർ പ്രസിദ്ധരായിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഉണ്ടാകുന്നതിന് കാരണം,സമാധാനത്തിന്റെ രാജാവും അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ടവനുമായ വ്യക്തിയുടെ ദാസനെ അല്ലാഹു ശാന്തിയുടെയും സമാധാനത്തിന്റെയും അധ്യാപനങ്ങളുമായി അയച്ചപ്പോൾ അദ്ദേഹത്തെ കേൾക്കാൻ പോലും ഇവർ തയ്യാറാകുന്നില്ല എന്നതാണ്. മാത്രമല്ല അവർ എത്രമാത്രം അതിരുകടന്നുവെന്നാൽ അദ്ദേഹത്തെയും അനുയായികളെയും കാഫിറാണെന്ന് വിധിക്കുകയും അവരെ വധിക്കുന്നത് ഇസ്‌ലാമിന്റെ സേവനമാണെന്നും ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് മുസ്തഫാ(സ)യോടുള്ള സ്നേഹമാണെന്നും മനസ്സിലാക്കുകയും ചെയ്യുന്നു. അഹ്മദികളുടെ ജീവിതം കൊണ്ട് കളിക്കുന്നത്

അവരെ സംബന്ധിച്ചിടത്തോളം ഒരു വലിയ നന്മയാകുന്നു. അത്തരത്തിലുള്ളവർക്ക് എങ്ങനെയാണ് ഇസ്‌ലാമിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കാൻ കഴിയുക.

ഇവർ ബുദ്ധി ഉപയോഗിച്ചെങ്കിൽ എത്ര നന്നായേനെ. അവരുടെ പണ്ഢിതന്മാർ നാശകാരികളായ ഉലമാക്കൾ ആകുന്നതിനുപകരം ബുദ്ധിയും ചിന്താശക്തിയും പ്രചരിപ്പിക്കുന്നവരായി മാറി ഉമ്മത്തെ വാഹിദ അതായത് ഒരേക സമുദായമായി ലോകത്ത് റസൂൽ തിരുമേനി (സ)യുടെ സന്ദേശത്തെ പ്രചരിപ്പിക്കുന്നവരായി മാറിയെങ്കിൽ ഹാ, എത്ര നന്നായേനെ. നബി തിരുമേനി(സ)ന്റെ ഈ സത്യദാസനുമായി ചേർന്നുകൊണ്ട് ലോകത്ത് യഥാർഥ സമാധാനത്തിന്റെ സന്ദേശം എത്തിക്കുന്നവരായി മാറിയെങ്കിൽ എത്ര നന്നായേനെ! ഏതായാലും ഇത് വളരെയധികം വിശദീകരണം ആവശ്യമുള്ള മറ്റൊരു വിഷയമാകുന്നു.

ഇനി ഞാൻ, റസൂൽ തിരുമേനി (സ)യുടെ അധ്യാപനം, തിരുനബിക്ക് ഇറങ്ങിയ ശരീഅത്ത്, തിരുനബി(സ) സമാധാനം പ്രചരിപ്പിക്കുന്നതിനു വേണ്ടി നല്കിയിട്ടുള്ള അധ്യാപനങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. നബി തിരുമേനി(സ)യുടെ അധ്യാപനവും നബി(സ)ന്റെ പരിശുദ്ധ മാതൃകയും വളരെ വിശാലമാകുന്നു. കുറഞ്ഞ സമയം കൊണ്ട് അതിനെ വലയം ചെയ്യാൻ സാധ്യല്ല. ഏതായിരുന്നാലും ഞാൻ പറഞ്ഞതുപോലെ കുറച്ച് കാര്യങ്ങൾ വിശദീകരിക്കാം.

അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് പറയപ്പെടുന്നത്. നഊദുബില്ലാഹ് നമ്മൾ നബി തിരുമേനി(സ)നെ അവഹേളിക്കുന്നവരും നിന്ദിക്കുന്നവരുമാണെന്നും അതിനുള്ള അധ്യാപനം നല്കുന്നുവെന്നുമാണ്. എന്നാൽ യഥാർഥത്തിൽ ഞങ്ങൾ നബി തിരുമേനി(സ)ന്റെ അധ്യാപനമനുസരിച്ച് കർമ്മങ്ങൾ ചെയ്യുന്നവരും നബി തിരുമേനി(സ)നോട് സ്നേഹമുള്ളവരുമാകുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങൾ അതിനുള്ള സാക്ഷ്യങ്ങളാകുന്നു. എല്ലാ വർഷവും ആയിരക്കണക്കിന് സത്പ്രകൃതരായ ആളുകൾ ഈ അധ്യാപനവും തിനുനബിയോടുള്ള സ്നേഹവും കണ്ടുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ ഈ സന്ദേശം സ്വാധീനശക്തിയുള്ളതുംസ്നേഹവും സമാധാനവും പ്രചരിപ്പിക്കുന്നതുമാകുന്നു. ഇതുതന്നെയാണ് ലോകത്ത് സമാധാനത്തിനുള്ള ഏക പരിഹാരമാർഗം എന്നു അന്യരും പറയാൻ നിർബന്ധിതരായിത്തീരുന്നു.

കുറച്ചുദിവസം മുമ്പ് ഞാൻ യു.കെ. ജൽസാ സാലാനയിൽ ജമാഅത്തിന്റെ പുരോഗതിയെ സംബന്ധിച്ച റിപ്പോർട്ടിൽ ജൽസയെ

സംബന്ധിച്ചു മറ്റുള്ളവരുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും കേൾപ്പിക്കുകയുണ്ടായി. അഹ്മദിയ്യാ ചുറ്റുപാടും ജൽസയുടെ ചുറ്റുപാടും ജനങ്ങളെ എത്രമാത്രം സ്വാധീനിച്ചുവെന്നും ഇസ്‌ലാമിന്റെ സമാധാന സന്ദേശം അവർ എത്രമാത്രം മനസ്സിലാക്കി എന്നതിനെ സംബന്ധിച്ചുമെല്ലാം അതിൽ ഞാൻ വിശദീകരിക്കുകയുണ്ടായി.

നമ്മുടെ എതിരാളികൾ എന്തുവേണമെങ്കിലും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊള്ളട്ടെ. നമുക്ക് നബി തിരുമേനി(സ)യോട് യഥാർത്ഥ സ്നേഹമുണ്ടെങ്കിൽ നബി തിരുമേനി(സ)ന്റെ അധ്യാപനത്തെ സ്വാംശീകരിക്കുകയും അതിനെ പരത്തുകയും ചെയ്യുക എന്നതായിരിക്കണം നമ്മുടെ പ്രവർത്തനം. ഇന്ന് ലോകത്തിന് സമാധാനത്തിന്റെ ജാമ്യം ഈ ഒന്നിൽ മാത്രമാണ് ഉള്ളത്. വരിക, സമാധാനത്തിന്റെ ഈ സന്ദേശം പ്രചരിപ്പിച്ച ഈ മഹാനായ പ്രവാചകനുമായി ചേർന്നുകൊണ്ട് ഈ ലോകത്തും പരലോകത്തും സമാധാനത്തിനുള്ള സംവിധാനങ്ങൾ ഒരുക്കുക എന്ന് ലോകത്തോട് പറയുക. ഇത് വെറും വർത്തമാനങ്ങൾ മാത്രമല്ല. മറിച്ച് ഈ പ്രവാചകൻ എങ്ങനെയാണ് തീരെ വിദ്യാഭ്യാസമില്ലാതിരുന്ന അജ്ഞരായ അറബികളെ അജ്ഞതയുടെ അന്ധകാരങ്ങളിൽ നിന്ന് ഉന്നതമായ ധാർമികതയിലേക്കും പിന്നെ കർമങ്ങളുടെയും വിജ്ഞാനങ്ങളുടേയും ഉന്നതിയിലേക്കും എത്തിച്ചത് എന്നുമുള്ള ചരിത്രം പരിശോധിച്ചു നോക്കുകയാണെങ്കിൽ നമുക്ക് അത് കാണാൻ കഴിയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ആ റസൂൽ തിരുമേനി(സ) മൃഗങ്ങളെ മനുഷ്യരാക്കി മാറ്റി.മനുഷ്യരെ ധാർമിക ഗുണമുള്ളവരാക്കി മാറ്റി. അതായത് ധാർമ്മികതയുടെ ഏറ്റവും ഉന്നതമായ അവസ്ഥയിലേക്കെത്തിച്ചു. പിന്നെ ആ ധാർമികഗുണമുള്ള ആളുകളെ ദൈവിക വർണമുള്ളവരാക്കി മാറ്റി.(മജ്മൂഅ ഇശ്തിഹാറാത്ത്, ഭാഗം:2, പേജ്:183, പ്രസാ: നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ 2019)

തിരുനബി(സ) തന്നെ അനുസരിക്കുന്നവർക്കും തന്നോട് സ്നേഹമുള്ളവർക്കും ധാർമികതയുടേയും ആരാധനകളുടേയും ഉന്നതമായ നിലവാരം പഠിപ്പിച്ചുകൊടുത്തു. അങ്ങനെ അവരെ അല്ലാഹുവിന്റെ സാമീപ്യം ഉള്ളവരാക്കിത്തീർത്തു. അവരുടെ ഓരോ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമായിത്തീർന്നു. അവ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ ചെയ്തിരുന്നത് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ വേണ്ടിയായിരുന്നു. നബി തിരുമേനി(സ)നോടുള്ള ആത്മാർഥമായ അനുസരണം മനുഷ്യനെ അല്ലാഹുമായി യഥാർത്ഥ സ്നേഹമുള്ളവരായിത്തീർക്കുന്നതാണ്.

ഈ യഥാർത്ഥ സ്നേഹത്താൽ മനുഷ്യന്റെ എല്ലാ വാക്കും പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തി സ്വായത്തമാക്കുന്നതിന് ഹേതുവായി മാറുന്നതാണ്. റസൂൽ തിരുമേനി(സ)യെ സത്യഹൃദയത്തോടെ പിന്തുടരുന്നവരെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. റസൂൽ തിരുമേനി(സ)യെ സത്യസന്ധമായി പിന്തുടരുന്നതും സ്നേഹിക്കുന്നതും കാരണം മനുഷ്യൻ അല്ലാഹുവിന് പ്രിയപ്പെട്ടവനായി മാറുന്നു.(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസാഇൻ ഭാഗം:22, പേജ്:67)

റസൂൽ തിരുമേനി(സ) ജനങ്ങളുടെ ഹൃദയങ്ങളിൽ ഉണ്ടാക്കിയ വിപ്ലവത്താൽ ബഹുദൈവാരാധകരായ ആളുകൾ ഏകദൈവവിശ്വാസികളായി മാറി. അവർ എത്രമാത്രം തൗഹീദിൽ ഉയർച്ച പ്രാപിച്ചുവെന്നാൽ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരായിത്തീർന്നു.അവർ അല്ലാഹുവിനോട് സ്നേഹമുള്ളവരും അല്ലാഹു അവരോട് സ്നേഹമുള്ളവനുമായി മാറി. അല്ലാഹുവിനോട് സ്നേഹമുള്ള അവർ ആരാധനകളുടെ കടമകളും നല്ല നിലയിൽ നിറവേറ്റി. അല്ലാഹു നൽകിയ അധ്യാപനം അനുസരിച്ച് അവർ വളരെ നല്ല രീതിയിൽ കർമങ്ങൾ ചെയ്തു. അതിന്റെ ഉന്നത നിലവാരം അവർ സ്ഥാപിക്കുകയും ചെയ്തു.

ഒരാളോട് സ്നേഹമുണ്ടാകുമ്പോൾ മനുഷ്യൻ ആ വ്യക്തിയുടെ എല്ലാ വാക്കുകളും പ്രവൃത്തികളും അനുസരിച്ച് ജീവിക്കാൻ ശ്രമിക്കുന്നു. വെറും വാക്കുകൊണ്ട് സ്നേഹമുണ്ടെന്ന് വാദിക്കുക മാത്രമല്ല ചെയ്യുന്നത്. അവരിൽ അല്ലാഹുവിനോട് സ്നേഹമുണ്ടായപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുന്നതിലേക്കും അവർക്ക് ശ്രദ്ധയുണ്ടായി. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്ന കാര്യത്തിലും അവർ പരസ്പരം മുന്നേറുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നു. ഈ ഒരവസ്ഥ ഉണ്ടാകുമ്പോൾ പിന്നെ പരസ്പര സ്നേഹവും ബന്ധവും അല്ലാഹുവിനുവേണ്ടി ആയിത്തീരുന്നതാണ്. മറ്റുള്ളവരോടുള്ള കടമകളും കർത്തവ്യങ്ങളും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി മനുഷ്യൻ ചെയ്തു തീർക്കുന്നതാണ്. ഈ ഒരു നിലവാരം ഉണ്ടാക്കിയെടുത്താൽ പിന്നെ സമാധാനത്തിന്റെ അടിത്തറയുണ്ടാകുന്നു. അതിനുവേണ്ടി പരിശ്രമം ഉണ്ടാകുന്നു. അതിന്റെ ഒരു നിലവാരം സ്ഥാപിക്കപ്പെടുന്നു.

റസൂൽ തിരുമേനി(സ) തന്നെയാണ് അല്ലാഹുവുമായി പ്രാപിക്കുന്നതിനുള്ള മാർഗങ്ങൾ കാണിച്ചുതന്നത്. ആ മഹാത്മാവിന് ഇറങ്ങിയ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നമുക്ക് ലോകത്ത് സമാധാനത്തിന്റെ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്നതാണ്.

സമാധാനത്തിന്റെ അടിത്തറ വീടുകളിൽ നിന്നാണ് ആരംഭിക്കുന്നത്

എന്ന് എപ്പോഴും ഓർക്കേണ്ടതാണ്. അങ്ങനെ വീടുകളുടെ ചുറ്റുവട്ടത്തും നാട്ടിലേക്കും രാജ്യത്തേക്കും അതുപോലെതന്നെ അന്താരാഷ്ട്രാ തലത്തിലേക്കും അത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. എല്ലാ നിലയ്ക്കും പരസ്പര വികാരങ്ങളെയും അവകാശങ്ങളേയും മാനിക്കുകയാണെങ്കിൽ സമാധാനം സ്ഥാപിക്കപ്പെടുന്നതാണ്. ഈ അധ്യാപനം തന്നെയാണ് അല്ലാഹു നബിതിരുമേനി(സ) മുഖേന എല്ലാ ജനവിഭാഗങ്ങൾക്കും നല്കിയത്.

ഹദ്റത്ത് മുസ്‌ലീഹ്(റ) വിവിധ സന്ദർഭങ്ങളിൽ ഇതുസംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഒരു സന്ദർഭത്തിൽ റസൂൽ തിരുമേനി(സ)യും ലോകസമാധാനവും എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തിയിരുന്നു. ഈ പ്രഭാഷണത്തിൽ നിന്ന് ഞാനിവിടെ കുറച്ച് കാര്യങ്ങൾ വിശദീകരിക്കുന്നതാണ്.

സമാധാനം വളരെ പ്രധാനപ്പെട്ട വിഷയമാണ് എന്ന് നാം കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു. സമാധാനത്തെ കുറിച്ചുള്ള സംസാരങ്ങൾ നടക്കുന്നു. സമാധാനം വളരെ അത്യാവശ്യമാണ് എന്ന് എല്ലാവരും പറയുന്നു. സമാധാനത്തിന്റെ അവസ്ഥ തന്നെയാണ് കുടുംബത്തിന്റെ സമാധത്തിനുള്ള ജാമ്യമായിത്തീരുന്നത്. അന്താരാഷ്ട്രതലത്തിലും സമാധാനത്തിന് ഇത് തന്നെയാണ് ജാമ്യമായിത്തീരുന്നത്. എല്ലാ സ്ഥലത്തും സമാധാനം ഉണ്ടായിത്തീരണം എന്നത് തന്നെയാണ് എല്ലാവരും ആഗ്രഹിക്കുന്നതും. ആഗ്രഹമുണ്ടായതുകൊണ്ടുമാത്രം സമാധാനം സ്ഥാപിക്കപ്പെടുന്നതല്ല. കാരണം സമാധാനത്തിനുള്ള ആഗ്രഹം സ്വാർഥ താല്പര്യങ്ങൾക്ക് വിധേയമായിട്ടാണ് ലോകത്ത് കാണാൻ കഴിയുന്നത്. സ്വാർഥ താല്പര്യങ്ങളില്ലെങ്കിൽ ഒരിക്കലും തന്നെ വഴക്കുകൾ(യുദ്ധങ്ങൾ) ഉണ്ടാകുന്നതല്ല. പൊതുവിൽ സമാധാനത്തെക്കുറിച്ച് പറയുന്നവർ സമാധാനത്തിനുള്ള ആഗ്രഹം തനിക്കുവേണ്ടി മാത്രം നിജപ്പെടുത്തുന്നു. പൊതുവെ മനുഷ്യൻ ദുആ ചെയ്യുമ്പോൾ, ദുആ ചെയ്യാത്ത അവസ്ഥയിലും, മനുഷ്യൻ പറയുന്നതും ചില സമയങ്ങളിൽ ആഗ്രഹിക്കുന്നതും അല്ലാഹു തന്നെയും തന്റെ ഭാര്യാമക്കളെയും തന്റെ അടുത്ത ആളുകളെയും സമാധാനത്തിൽ ആക്കട്ടെ എന്നാണ്. മറ്റുള്ളവർ സമാധാനത്തിൽ ആകുന്നതിന് വേണ്ടിയുള്ള സഹാനുഭൂതി ഉണ്ടാകുന്നില്ല. മനുഷ്യൻ തന്റെ ജീവിതത്തെ സമാധാനത്തോടുകൂടി കഴിച്ചുകൂട്ടുന്നതിന് വേണ്ടി സമ്പത്ത് ആഗ്രഹിക്കുന്നു. അപ്പോൾ സമ്പത്ത് നല്ല കാര്യമായി മനസ്സിലാക്കുന്നു. അതിന്റെ അർഥം ഒരിക്കലും തന്നെ തന്റെ ശത്രുക്കൾക്ക് സമ്പത്ത് നല്ലതാണെന്ന് അവൻ ആഗ്രഹിക്കുന്നു എന്നല്ല. മറിച്ച്

തനിക്ക് വേണ്ടി മാത്രം സമ്പത്ത് നല്ലതാണെന്ന് അവൻ കരുതുന്നു. ആരോഗ്യം നല്ലതാണ് എന്ന് മനസ്സിലാക്കുന്നുവെങ്കിൽ അതുകൊണ്ട് അവൻ അർഥമാക്കുന്നത് ശത്രുക്കൾക്കും നല്ല ആരോഗ്യമുണ്ടാകണം എന്നല്ല. ശത്രുക്കൾ എപ്പോഴും നിരാലംബരും ബലഹീനരും ആയി ത്തീരണമെന്ന് അവൻ ആഗ്രഹിക്കുന്നു. അവർക്ക് മേൽ അധീശത്വം നേടണമെന്ന് അവൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ ആദരവും അന്തസ്സും ആഗ്രഹിക്കുന്നുവെങ്കിലും അത് തനിക്ക് വേണ്ടി മാത്രമാണ് ആഗ്രഹിക്കുന്നത്. എല്ലാവർക്കും വേണ്ടി ആഗ്രഹിക്കുന്നില്ല. ഒരിക്കലും തന്നെ മറ്റുള്ളവർക്കും തനിക്ക് കിട്ടിയ ഉന്നതമായ സ്ഥാനങ്ങൾ കിട്ടണ മെന്ന് ആഗ്രഹിക്കുന്നില്ല. ലോകത്ത് ഈ അവസ്ഥകൾ തന്നെയാണ് പൊതുജനങ്ങൾക്കിടയിലും നേതാക്കന്മാർക്കിടയിലും നമുക്ക് കാണാൻ സാധിക്കുന്നത്. നാം നമ്മുടെ രാജ്യങ്ങളിൽ കാണുന്ന രാഷ്ട്രീയ നേതാക്കന്മാരുടെ പരസ്പരമുള്ള പോരാട്ടങ്ങളും അവർ അധികാര ത്തിൽ വരുമ്പോൾ പരസ്പരമുള്ള അക്രമങ്ങളുമെല്ലാം ഈ ചിന്താഗ തിയുടെ പരിണിതഫലമാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള സമാധാ നത്തിനു വേണ്ടി മാത്രം ആഗ്രഹിക്കുന്നുവെങ്കിൽ അത് കുഴപ്പത്തിന് കാരണമായി ഭവിക്കാം. എന്തുകൊണ്ടെന്നാൽ ആ ആഗ്രഹത്തിൽ സ്വാർത്ഥ താല്പര്യങ്ങളും കലർന്നിരിക്കുന്നു. സമാധാനം ആഗ്രഹി ക്കുന്നവർ തനിക്കും തന്റെ അടുത്ത ആളുകൾക്കും അല്ലെങ്കിൽ തന്റെ സമൂഹത്തിനും സമാധാനം ലഭിച്ചാൽ മതി എന്നതിൽ തൃപ്തരാകുന്നു. മറ്റുള്ളവർക്ക് വേണ്ടിയും ശത്രുക്കൾക്ക് വേണ്ടിയും അവർ ആഗ്ര ഹിക്കുന്നത് അവരുടെ സമാധാനം ഇല്ലാതാകണം എന്നാണ്. ഈ തത്ത്വം സാധാരണമാകുകയാണെങ്കിൽ, അതായത് തനിക്ക് വേണ്ടി ഒരു നിലവാരവും മറ്റുള്ളവർക്ക് വേണ്ടി മറ്റൊരു നിലവാരവുമാണെങ്കിൽ, ലോകത്ത് സമാധാനം സ്ഥാപിക്കപ്പെടുകയാണെങ്കിലും അത് ചില ആളുകൾക്ക് വേണ്ടി മാത്രമുള്ള സമാധാനം ആയിരിക്കും. മുഴുലോക ത്തിനും വേണ്ടിയുള്ള സമാധാനമായിരിക്കുകയില്ല. മുഴുലോകത്തും സമാധാനം സ്ഥാപിക്കപ്പെടുന്നില്ലെങ്കിൽ അത് യഥാർഥ സമാധാനം ആകുകയില്ല. യഥാർഥ സമാധാനമുണ്ടാകണമെങ്കിൽ അതിന് വ്യക്തി പരമായും കുടുംബപരമായും വംശപരമായും സാമൂഹികപരമായും രാഷ്ട്രപരമായുമുള്ള മുൻഗണനകൾക്ക് അതീതമായിട്ടുള്ള സമാധാനം സ്ഥാപിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഒരു കേന്ദ്രബിന്ദുവിനെ ആസ്പ ദമാക്കിയുള്ള സമാധാനമായിരിക്കണം. ഇങ്ങനെയുള്ള സമാധാനം സ്ഥാപിതമാകണമെങ്കിൽ, മനുഷ്യൻ തനിക്കു മുകളിൽ തനിക്ക് വേണ്ടി മാത്രമല്ലാതെ മുഴുലോകത്തിനും വേണ്ടി സമാധാനം ആഗ്രഹിക്കുന്ന

ഒരു ഉന്നത അസ്തിത്വം ഉണ്ടെന്ന് മനസ്സിലാക്കേണ്ടതാണ്. ആ അസ്തിത്വത്തെകുറിച്ച് മനുഷ്യൻ മനസ്സിലാക്കുകയും അതിനെ കുറിച്ച് കൃത്യമായ ധാരണ ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. ആ അസ്തിത്വം തന്റെ വീടിനും നാടിനും വേണ്ടി മാത്രം സമാധാനം ആഗ്രഹിക്കുന്നവനല്ല. മറിച്ച് മുഴുവൻ ലോകത്തിനും സമാധാനം ആഗ്രഹിക്കുന്നവനാണ്.

ഒരു അത്യുന്നത അസ്തിത്വം തന്നെ വീക്ഷിക്കുന്നു. അവനു വേണ്ടി തന്റെ വാക്കുകളും തന്റെ കർമ്മങ്ങളും ഒരുപോലെയായിത്തീരണം എന്ന ചിന്തയാണ് റസൂൽ തിരുമേനി(സ)ന്റെ സമാധാന അധ്യാപനത്തിന്റെ കേന്ദ്ര ബിന്ദു. ഈ തത്ത്വമനുസരിച്ച് ചരിക്കുന്നതിനായി തനിക്ക് വേണ്ടി ആഗ്രഹിക്കുന്നത് മറ്റുള്ളവർക്ക് വേണ്ടിയും ആഗ്രഹിക്കുക എന്ന റസൂൽ തിരുമേനി(സ)യുടെ സുന്ദരമായ അധ്യാപനത്തെ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഈ അധ്യാപനത്തെ മുന്നിൽവച്ചുകൊണ്ട്, ഞാൻ എനിക്ക് വേണ്ടി മാത്രം അല്ലെങ്കിൽ എന്റെ സമൂഹത്തിനു വേണ്ടി അല്ലെങ്കിൽ എന്റെ രാജ്യത്തിനുവേണ്ടി മാത്രം സമാധാനം ആഗ്രഹിക്കുന്നവനായാൽ പിന്നെ  അല്ലാഹുവിന്റെ സഹായവും അവന്റെ പിന്തുണയും അവന്റെ തൃപ്തിയും എനിക്ക് ഒരിക്കലും തന്നെ സ്വായത്തമാക്കാൻ സാധ്യമല്ല എന്ന് ഓർക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിനുവേണ്ടിയാണ് എല്ലാം ചെയ്യേണ്ടതെന്ന വിശ്വാസത്തിൽ മനുഷ്യൻ എത്തിച്ചേരുമ്പോഴാണ്  യഥാർഥ സമാധാനം സ്ഥാപിതമാകുന്നത്. മറിച്ചാണെങ്കിൽ അത് സ്ഥാപിതമാകുന്നതല്ല.

ചുരുക്കത്തിൽ അല്ലാഹു റസൂൽ തിരുമേനി (സ) മുഖേന നമുക്ക് اَلْمَلِكُ الْقُدُّوْسُ السَّلٰمُ الْمُؤْمِنُ അതായത് അവൻ രാജാവാകുന്നു, പരമ പരിശുദ്ധനാകുന്നു, മറ്റുള്ളവരെ പരിശുദ്ധരാക്കുന്നവനാകുന്നു, എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാകുന്നു, മറ്റുള്ളവർക്ക് സമാധാനം പ്രദാനം ചെയ്യുന്നവനാകുന്നു(വി.ഖു:59.24), اَلْمَلِكُ الْقُدُّوْسُ السَّلٰمُ الْمُؤْمِنُ അവൻ സമാധാനത്തിന്റെ സാമ്രാട്ടുമാകുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യന്റെ ചിന്താഗതിയെ വിമലീകരിക്കുകയുണ്ടായി. ഉദ്ദേശശുദ്ധി കൈവരിക്കാത്തിടത്തോളം മനുഷ്യന്റെ കർമ്മങ്ങളും ശുദ്ധമാകുന്നതല്ല എന്നത് സുവിദിതമാണ്.ഉദ്ദേശശുദ്ധിയില്ലെങ്കിൽ പിന്നെ എങ്ങനെയാണ് നമ്മുടെ പ്രയത്നങ്ങളിൽ അനുഗ്രഹമുണ്ടാകുക? നമ്മുടെ ഉദ്ദേശങ്ങൾ ശരിയല്ലെങ്കിൽ ഒരു സന്ദർഭത്തിലും നമ്മുടെ കർമങ്ങൾ ശരിയാകുന്നതേയല്ല.

ലോകത്ത് ഇന്നുണ്ടാകുന്ന യുദ്ധങ്ങൾക്കും കുഴപ്പങ്ങൾക്കുമെല്ലാം കാരണം മനുഷ്യന്റെ ഉദ്ദേശ്യങ്ങൾ ശുദ്ധമല്ല എന്നതാണ്. ജനങ്ങൾ

വായകൊണ്ട് പലതും പറയുന്നു. എന്നാൽ ആഗ്രഹങ്ങൾ അതനുസരിച്ചായിരിക്കുകയില്ല. അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് അവരുടെ വാക്കും പ്രവൃത്തിയുമില്ല.

ലോകത്തിലെ കുഴപ്പങ്ങൾക്ക് പിന്നിൽ വികസിത രാജ്യങ്ങൾക്ക് വലിയ പങ്കുണ്ട്. ജനങ്ങൾ യുദ്ധം മോശമാണെന്ന് പറയുന്നു. എല്ലാ നേതാവും യുദ്ധം മോശമാണ് എന്നു തന്നെയാണ് പറയുന്നത്. എന്നാൽ അതിന്റെ വിവക്ഷ, തങ്ങൾക്കെതിരിൽ ആരെങ്കിലും യുദ്ധം ചെയ്യുകയാണെങ്കിൽ അത് മോശമാണെന്നും എന്നാൽ തങ്ങൾ തന്നെയാണ് യുദ്ധം ആരംഭിക്കുന്നതെങ്കിൽ അത് മോശമല്ല എന്നുമാകുന്നു. ഈ ന്യൂനത ഉണ്ടാകുന്നതിനുള്ള കാരണം അവരുടെ ദൃഷ്ടി സമാധാന സാമ്രാട്ടും സമാധാനം നല്കുന്നവനുമായ ആ അസ്തിത്വത്തിലെക്ക് പതിക്കുന്നില്ല എന്നതാണ്.

അവർ തങ്ങൾക്ക് പ്രയോജനം ലഭിക്കുന്നിടത്തോളം സമാധാനത്തിന്റെ മുദ്രാവാക്യം മുഴക്കുന്നതും എന്നാൽ തങ്ങൾക്കെതിരിൽ എന്തെങ്കിലും കാര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിനെ നഷേധിക്കുന്നതുമാണ്. തങ്ങളുടെ ശത്രുക്കളെ ആരെങ്കിലും സഹായിക്കുകയാണെങ്കിൽ, അവർക്ക് ആയുധങ്ങൾ നല്കുകയാണെങ്കിൽ അത് ഒരു തരത്തിലും അംഗീകരിക്കുകയില്ല. എന്നാൽ അവർ ആർക്കെങ്കിലും ആയുധങ്ങൾ കൊടുക്കുകയാണെങ്കിൽ അത് അതിക്രമം ചെയ്യാൻ വേണ്ടി തന്നെ ഉപയോഗിക്കുകയാണെങ്കിൽ പോലും അതൊക്കെ അനുവദനീയമാണ്! ഈ ചിന്താഗതിയാണെങ്കിൽ എങ്ങനെയാണ് യഥാർത്ഥഥ സമാധാനം സ്ഥാപിക്കാൻ കഴിയുക.

അതുകൊണ്ട് ലോകത്ത് എല്ലാവരും സമാധാനത്തിൽ ആകണമെന്ന് ആഗ്രഹിക്കുന്ന ഒരു ദൈവമുണ്ടെന്ന വിശ്വാസം അനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമാണ് യഥാർഥ സമാധാനം ലോകത്ത് സ്ഥാപിതമാകുകയുള്ളു. ഈ ഒരു വിശ്വാസം ഉണ്ടാകുകയും അതനുസരിച്ച് പ്രവർത്തിക്കുകകയുമാണെങ്കിൽ മനുഷ്യന്റെ ആഗ്രഹങ്ങൾ സ്വാർത്ഥതയിൽ നിന്ന് അതീതവും ലോകത്തിന് പൊതുവിൽ പ്രയോജനം നല്കുന്നതുമാകും. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ നമ്മുടെ ചിന്താഗതികളും സമാധാനം സ്ഥാപിക്കുന്നതിനുള്ള നിലവാരവും മറ്റൊന്നായിത്തീരുന്നതാണ്.അങ്ങനെയായാൽ ഇന്ന കാര്യങ്ങൾകൊണ്ട് തങ്ങൾക്ക് പ്രയോജനം ഉണ്ടാകുന്നുണ്ടോ ഇല്ലയോ എന്നൊന്നും നോക്കുന്നതല്ല. മറിച്ച് ലോകത്ത് അതുകൊണ്ട് എന്ത് പ്രഭാവമാണുണ്ടാകുക എന്നായിരിക്കും നോക്കുക. ലോകത്തുള്ളവർ എപ്പോഴും തങ്ങളുടെ പ്രയോജനത്തിനുവേണ്ടി മറ്റുള്ളവരുടെ സമാധാനം നഷ്ടപ്പെടുത്താൻ

ആഗ്രഹിക്കുന്നു. എന്നാൽ ഒരു ഉന്നതനായ ഒരു അസ്ഥിത്വം തനിക്കു മുകളിൽ ഉണ്ടെന്ന് വിശ്വസിക്കുന്നവർ അങ്ങനെ ചെയ്യാൻ മുതിരുന്നതല്ല. അങ്ങനെയെന്തെങ്കിലും ചെയ്യുകയാണെങ്കിൽ ആ ഉന്നത അസ്തിത്വം തന്നെ നശിപ്പിക്കുന്നതാണെന്ന് അവൻ അറിയുന്നു. ചുരുക്കത്തിൽ ആ ഉന്നതനായ അസ്തിത്വത്തെ അംഗീകരിക്കുകയും അവനോടുള്ള സ്നേഹം ഹൃദയത്തിൽ ഉണ്ടാകുകയും ചെയ്യുന്നതുവരെ യഥാർഥ സമാധാനം സ്ഥാപിതമാകുകയില്ല

അല്ലാഹു സമാധാനം നല്കുന്നവനാണ് എന്ന വിശ്വാസം നബി തിരുമേനി(സ) മുഖേന ഇസ്‌ലാം മാത്രമാണ് ലോകത്ത് സ്ഥാപിച്ചത്. അല്ലാഹു റസൂൽ തിരുമേനി (സ)യ്ക്ക് നൽകിയ അധ്യാപനത്തിൽ പറയുന്നു.

قَدْ جَآءَكُم مِّنَ اللّٰهِ نُوْرٌ وَّكِتٰبٌ مُّبِيْنٌ- يَّهْدِىْ بِهِ اللّٰهُ
مَنِ اتَّبَعَ رِضْوَانَهٗ سُبُلَ السَّلٰمِ (المائدة:16-17).

തീർച്ചയായും നിങ്ങളുടെയടുക്കൽ അല്ലാഹുവിൽ നിന്ന് ഒരു പ്രകാശം വന്നിരിക്കുന്നു. ഒരു പ്രകാശമാനമായ ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു അതുമുഖേന തന്റെ അഭീഷ്ടത്തിൽ നടക്കുന്നവരെ സമാധാനമാർഗ്ഗത്തിലെക്ക് നയിക്കുന്നു. (വി.ഖു. 5:16,17) ആയതിനാൽ അല്ലാഹു ഈ സന്മാർഗ ജ്യോതിസ്സ് അയച്ചിരിക്കുന്നു. സകല കല്പനകളുമായി ഒരു ഗ്രന്ഥവും ഇറക്കിയിരിക്കുന്നു. അതിൽ സമാധാന മാർഗങ്ങളിലേക്കുള്ള വ്യക്തമായ നിർദേശങ്ങൾ നല്കിയിരിക്കുന്നു. ഇനി ഇതിനെ പൂർണ്ണമായും പിൻപറ്റുന്നവർതന്നെയാണ് സമാധാനത്തിന്റെ മാർഗങ്ങളെ സ്വായത്തമാക്കുന്നവരാകുകയുള്ളൂ. ഇന്ന് മുസ്‌ലിംകളിൽ കലാപകലുശിതമായ ഒരവസ്ഥയുണ്ടാകാനും പരസ്പരം യുദ്ധ സമാനമായ അവസ്ഥയുണ്ടാകാനുമുള്ള വ്യക്തമായ കാരണം അല്ലാഹു നല്കിയ ഈ ഗ്രന്ഥത്തെയും പ്രകാശത്തെയും അവർ ശരിയായ രീതിയിൽ പിന്തുടരുന്നില്ല എന്നതാണ്. തങ്ങൾ റസൂൽ തിരുമേനി (സ)യെ സ്നേഹിക്കുന്നു എന്ന് തീർച്ചയായും അവർ വാദിക്കുന്നുണ്ടാകാം എന്നാൽ അവരുടെ കർമങ്ങൾ അതിനെ തിരാകുന്നു. അല്ലാഹുവിന്റെ വചനങ്ങൾ ഒരിക്കലും തന്നെ തെറ്റില്ല. അല്ലാഹു പറഞ്ഞത് ഒരിക്കലും തെറ്റാകുന്നതല്ല. നബി തിരുമേനി (സ)യുടെ വാക്കുകളും ഒരിക്കലും തന്നെ തെറ്റാകുന്നതല്ല. മുസ്‌ലിംകളിൽ ഫിത്നയും ഫസാദുമുണ്ടങ്കിൽ അതിനുള്ള വ്യക്തമായ കാരണം ഈ പ്രകാശമാനമായ ഗ്രന്ഥത്തെ അവർ അംഗീകരിക്കുന്നുവെന്ന് വാദിക്കുന്നുവെങ്കിലും അല്ലാഹു അത് മുഖേന നല്കിയ സന്ദേശത്തെ

അവർ പിന്തുടരുന്നില്ല എന്നതാകുന്നു. നബി തിരുമേനി(സ)യോട് സ്നേഹം ഉണ്ടെന്ന് അവർ വാദിക്കുന്നു. എന്നാൽ റസൂൽ തിരുമേനി (സ)യുടെ പരിശുദ്ധ മാതൃകയനുസരിച്ച് അവർ പ്രവർത്തിക്കുന്നില്ല.

ഇന്ന് റസൂൽ തിരുമേനി(സ)ന്റെ സത്യദാസനെ അംഗീകരിക്കുന്നവരാണ് ഈ സന്ദേശത്തെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റേണ്ടതിന് ബാധ്യസ്ഥർ. വിശുദ്ധ ഖുർആന്റെ കല്പനകൾക്കനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മാത്രമേ തങ്ങളുടെ ചുറ്റുപാടിൽ സമാധാനം സ്ഥാപിക്കാനും ലോകത്ത് സമാധാനത്തിന്റെ സന്ദേശം എത്തിക്കാനും കഴിയുകയുള്ളൂ. അല്ലെങ്കിൽ ആദ്യം നിങ്ങളുടെ വാക്കുകളും കർമങ്ങളും ഒരുപോലെയാക്കുകയും അതിനുശേഷം ഞങ്ങളെ ഉപദേശിക്കുകയും ചെയ്യുകയെന്ന് ലോകം പറയുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു ഇന്ന് ആകാശത്തിനു കീഴിൽ ഒരേയൊരു പ്രവാചകനും ഒരേയൊരു ഗ്രന്ഥവും മാത്രമാണ് ഉള്ളത്. അതായത് പ്രവാചകന്മാരിൽ അത്യുന്നതനും ശ്രേഷ്ഠനും പരിപൂർണനും സമ്പൂർണനും ഖാത്തമുൽ അമ്പിയായും സൃഷ്ടികുലോത്തമനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ). ആ മഹാത്മാവിനെ പിന്തുടർന്നാൽ അല്ലാഹുവിനെ ലഭിക്കുന്നതാണ്. അന്ധകാരങ്ങളുടെ ആവരണങ്ങൾ ഇല്ലാതായിത്തീരുന്നതാണ്. ഈ ലോകത്ത് തന്നെ സത്യസന്ധമായ മോക്ഷത്തിനുള്ള മാർഗം തെളിയുന്നതാണ്. സത്യസന്ധവും പരിപക്വവുമായ സന്മാർഗത്തോടേയും പ്രഭാവത്തോടേയും അവതരിച്ച വിശുദ്ധ ഖുർആൻ മുഖേന ദൈവജ്ഞാനവും ആദ്ധ്യാത്മിക ജ്ഞാനവും ലഭ്യമാകുകയും മാനുഷികമായ എല്ലാ ദൗർബല്യങ്ങളിൽ നിന്നും ഹൃദയം പരിശുദ്ധമാകുകയും ചെയ്യുന്നതാണ്. മനുഷ്യൻ അലസതയിൽ നിന്നും അശ്രദ്ധയിൽ നിന്നും സംശയങ്ങളിൽ നിന്നും മോക്ഷം പ്രാപിക്കുകയും യഥാർത്ഥ രീതിയിലുള്ള ആ വിശ്വാസത്തിന്റെ അഥവാ ഹഖുൽ യഖീനിന്റെ പദവി പ്രാപിക്കുന്നതാണ്. (ബറാഹീനെ അഹ്മദിയ്യാ, ഭാഗം:1, പേജ്: 557,558 അടിക്കുറിപ്പിനുള്ള അടിക്കുറിപ്പ്)

അല്ലാഹു തന്റെ പ്രകാശമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയേയും സകല അറിവുകളുടെയും ആദ്ധ്യാത്മിക ജ്ഞാനങ്ങളുടെയും ഉറവിടവും സന്മാർഗ ജ്യോതിസ്സും സമാധാന ദൂതുമായ ഗ്രന്ഥം അതായത് വിശുദ്ധ ഖുർആനെയും അയച്ചുകൊണ്ട് മനുഷ്യകുലത്തിനുമേൽ വലിയ അനുഗ്രഹമാണ് ചെയ്തിരിക്കുന്നത്. മനുഷ്യൻ ഇതിൽ നിന്ന് പ്രയോജനമുൾകൊള്ളാതെ തങ്ങളെ നശിപ്പിക്കുന്ന സ്വാർഥ താല്പര്യങ്ങളിൽ അകപ്പെടുകയാണെങ്കിൽ അതിനേക്കാൾ വലിയ ദൗർഭാഗ്യകരമായ അവസ്ഥ മറ്റെന്താണുള്ളത്?

നമ്മുടെ ഈ ലോകവും പരലോകവും നന്നാക്കണമെങ്കിൽ സമാധാനത്തോടെ ജീവിക്കണമെങ്കിൽ റസൂൽ തിരുമേനി (സ)യ്ക്ക് ഇറങ്ങിയിട്ടുള്ള

يَهْدِىْ بِهِ اللّٰهُ مَنِ اتَّبَعَ رِضْوَانَهٗ سُبُلَ السَّلٰمِ (അല്ലാഹു അതുമുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാമാർഗങ്ങളിലേക്ക് നയിക്കുന്നതാണ്.) എന്ന അല്ലാഹുവിന്റെ ഈ വചനത്തെ എല്ലാ സമയത്തും നാം മുൻനിർത്തേണ്ടിയിരിക്കുന്നു.

ഈ പ്രകാശമാനമായ ഗ്രന്ഥത്തിന്റെ നിർദേശങ്ങൾ പഠിക്കുകയും പ്രവർത്തിക്കുകയും വേണം. അപ്പോൾ മാത്രമാണ് സുബുലുസ്സലാം അഥവാ സമാധാനത്തിന്റെ വഴികളിലൂടെ നീങ്ങുന്നവരായി നാം മാറുകയുള്ളൂ. ഈ ഗ്രന്ഥത്തിലെ ഒരു കൽപ്പനയും തന്നെ മനുഷ്യന്റെ സമാധാനം തകർക്കുന്നതായിട്ടില്ല. ചുരുക്കത്തിൽ ഈ സന്ദേശമാണ് നമ്മൾ സ്വന്തക്കാർക്കും അന്യർക്കും നല്കേണ്ടത്. ലോകത്ത് സമാധാനത്തിനുള്ള ജാമ്യവും ഇത് തന്നെയാണ്. ഈ വിപ്ലവം തന്നെയാണ് റസൂൽ തിരുമേനി (സ) തന്റെ സ്വഹാബാക്കളിൽ ഉണ്ടാക്കിയെടുത്തതും. അതുപോലെ തിരുനബി(സ)

اِذَا خَاطَبَهُمُ الْجٰهِلُوْنَ قَالُوْا سَلٰمًا (الفرقان:64) വിവരദോഷികളെ കണ്ടുമുട്ടുമ്പോൾ അവരോട് സമാധാനം എന്നു പറയുന്ന ഒരു ജമാഅത്തിനെ സൃഷ്ടിച്ചെടുക്കുകയും ചെയ്തു. ഈ അവസ്ഥ നമുക്കിടയിൽ ഉണ്ടാകുകയും നാം ലോകത്ത് അങ്ങനെയുള്ള അവസ്ഥ ഉണ്ടാക്കിയെടുക്കുകമാണെങ്കിൽ നമ്മുടെ അവസ്ഥയും നമ്മുടെ വർത്തമാനകാലവും സമാധാനത്തിൽ ആയിരിക്കും. നമ്മുടെ ഭാവികാലവും സമാധാനത്തിൽ ആയിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ അംഗീകരിക്കുന്നവർക്കുമേൽ ഒരു വലിയ ഉത്തരവാദിത്വമാണുള്ളത്. അവർ തങ്ങളുടെ വീടുകളിലും തങ്ങളുടെ ചുറ്റുപാടിലും സമാധാനം സ്ഥാപിക്കുന്നവരായി ത്തീരണം. ലോകത്ത് സമാധാനം ഉണ്ടാക്കുന്നവരായിത്തീരണം. ഇത് പ്രാവർത്തികമാകണമെങ്കിൽ നമ്മുടെ ഹൃദയവും മനസ്സും പരിശുദ്ധ തൗഹീദിനാൽ സ്വച്ഛമായിത്തീരണം. ലോകത്തെയും യഥാർഥ തൗഹീദിലേക്ക് കൊണ്ടുവരുന്നവരായി നാം മാറണം. തൗഹീദ് പൂർണമായി സ്ഥാപിക്കപ്പെടാത്തിടത്തോളം, സമാധാനം സ്ഥാപിക്കുക സാധ്യമല്ല എന്ന കാര്യം വ്യക്തമാണ്. നേരത്തെ പറഞ്ഞു വന്നതുപോലെ നമ്മുടെ മേലെയുള്ള ആ ഉന്നതനായ അസ്തിത്വത്തെ അംഗീകരിക്കേണ്ടിയിരിക്കുന്നു. ആ ഉന്നതമായ അസ്തിത്വം, അല്ലാഹുവിന്റെ അസ്തിത്വമാകുന്നു.

തൗഹീദ് ഹൃദയത്തിൽ സ്ഥാപിതമാകാത്തിടത്തോളം അവനെക്കുറിച്ചുള്ള ചിന്തകൾ ഉണ്ടാകില്ല. തൗഹീദ് സ്ഥാപിതമായില്ലെങ്കിൽ യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. യുദ്ധങ്ങൾ ഇല്ലാതാകണമെങ്കിൽ യഥാർഥ സാഹോദര്യവും പരസ്പരസ്നേഹവും ഉണ്ടാകണം,യഥാർഥ സമാധാനം സ്ഥാപിതമാകണമെങ്കിൽ ശരിയാംവിധം പരസ്പരസാഹോദര്യം ഉണ്ടാകണം. യഥാർഥ സാഹോദര്യം ഏകദൈവത്തെ അംഗീകരിക്കാതെ സാധ്യമല്ല. അംഗീകരിച്ചാൽ മാത്രം പോരാ മറിച്ച് അവനുമായി ബന്ധമുണ്ടാക്കുകയും വേണം. ഇത് തിരുനബി(സ) മുഖേന അവൻ നമുക്ക് നല്കിയ അധ്യാപനമാണ്. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്ന അധ്യാപനം വിശുദ്ധ ഖുർആനിൽ നല്കിയിരിക്കുന്നു. അത് എല്ലാ നമസ്ക്കാരത്തിലും ഓതുന്നതിനുവേണ്ടി നമ്മോടു കൽപ്പിച്ചിരിക്കുന്നത് അതുമുഖേനഓരോ മുസ്ലിംമിനോടും സാഹോദര്യത്തിന്റെ വളരെ വിശാലമായ ഒരു കാഴ്ചപ്പാട് സ്ഥാപിതമാകാൻ വേണ്ടിയാണ്.അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ ചൊല്ലുമ്പോൾ അല്ലാഹുവിന്റെ രക്ഷാകർതൃത്വം മുഴുവൻ ലോകത്തും പരന്നുകിടക്കുന്നുവെന്ന ഒരു അവബോധം നമുക്ക് ഉണ്ടാകുന്നതാണ്. ഈ വചനം ഉരുവിടുമ്പോൾ മനുഷ്യന്റെ ചിന്താഗതി വിശാലമായിത്തീരുന്നു. എല്ലാ ലോകത്തിനെയും സൃഷ്ടിച്ച് പരിപാലിക്കുന്നവനായ റബ്ബിനെയാണ് അവൻ പ്രകീർത്തിക്കുന്നത്. അവൻ ക്രിസ്ത്യാനികളുടെയും, ഹിന്ദുക്കളുടെയും, യഹൂദികളുടെയും എല്ലാവരുടെയും നാഥനാകുന്നു. ഈ വാക്കുകൾ ചൊല്ലുന്ന ഒരാൾക്ക് എങ്ങനെയാണ് പരസ്പരം വെറുപ്പുണ്ടാക്കാൻ കഴിയുക. ഈ കാര്യം അമേരിക്കയിൽ മറ്റുള്ളവരുടെ സദസ്സിൽ വെച്ച് ഞാൻ പറയുകയുണ്ടായി. അപ്പോൾ അവർ പറഞ്ഞത് ഇതാണ് യഥാർഥത്തിൽ ഇസ്ലാമിക അധ്യാപനമെങ്കിൽ ഒരിക്കലും യഥാർഥ മുസ്ലിമിന്റെ ഹൃദയത്തിൽ മറ്റുള്ളവരോട് വെറുപ്പ് ഉണ്ടാക്കുന്നതല്ല. റബ്ബുൽ ആലമീൻ എന്ന വചനം എല്ലാത്തിനേയും വലയം ചെയ്യുന്നു. ഈ കാര്യം തന്നെയാണ് സമാധാനം പരത്തുന്നതിനുള്ള വിശാല മാർഗങ്ങൾ നമുക്ക് തുറന്നുതരുന്നത്. യഥാർഥ തൗഹീദ് സ്ഥാപിതമാകുമ്പോൾ, റബ്ബുൽ ആലമീന്റെ ആ സ്തുതി കീർത്തനം കൊണ്ട് ഹൃദയം നിറയുമ്പോൾ ഒരു സമൂഹത്തോടും വെറുപ്പ് ഉണ്ടാകുന്നതല്ല എന്ന സന്ദേശമാണ് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്ന വചനം നമുക്ക് നല്കുന്നത്. അപ്രകാരം ക്രിസ്ത്യാനികളോടോ ഹിന്ദുക്കളോടോ യഹൂദികളോടോ വെറുപ്പ് ഉണ്ടാകുന്നതല്ല. ഒരു ഭാഗത്ത് അവരെ നശിപ്പിക്കാൻ ആഗ്രഹിക്കുകയും മറുഭാഗത്ത് അവരെ കാണുമ്പോൾ അല്ലാഹുവിനെ വാഴ്ത്തുകയും

ചെയ്യാൻ എങ്ങനെയാണ് കഴിയുക?അതൊരിക്കലും സാധ്യമല്ല.

യഥാർഥ ഏകദൈവവിശ്വാസികൾ ആളുകൾ യഥാർഥ സമാധാനത്തിന്റെ ധ്വജവാഹകരാകുന്നു. മുസ്‌ലിംകൾ യഥാർഥത്തിൽ ഈ കാര്യം മനസ്സിലാക്കുകയാണെങ്കിൽ, അതനുസരിച്ച് തങ്ങളുടെ ജീവിതത്തെ മാറ്റുകയാണെങ്കിൽ ലോകത്ത് യഥാർഥ സമാധാനത്തിന്റെ വാക്താക്കളായി മാറുന്നതാണ്. പക്ഷെ അതിന് നബി തിരുമേനി(സ)യുടെ സത്യദാസനുമായി ബന്ധം സ്ഥാപിക്കേണ്ടത് അനിവാര്യമാകുന്നു. അപ്പോൾ മാത്രമേ അറിവിന്റെയും ആധ്യാത്മിക ജ്ഞാനത്തിന്റെയും ശരിയായ അവബോധം ഉണ്ടാകുകയുള്ളൂ.

അതോടൊപ്പം ഞാൻ മറ്റൊരു കാര്യം കൂടി പറയട്ടെ, ഇത് നമ്മുടെ അവസ്ഥകളെ സംബന്ധിച്ച് വിലയിരുത്താനുള്ള ഉത്തരവാദിത്വവും നമ്മിൽ അർപ്പിതമാക്കുന്നുണ്ട്. നമ്മുടെ നമസ്ക്കാരങ്ങളിൽ അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ എന്ന് ചൊല്ലുന്നത് ഹൃദയാന്തരാളങ്ങളിൽ നിന്ന് ഉയരാതെ വെറും അധരവ്യായാമമായി പരിണമിക്കരുത്. നമ്മുടെ ഹൃദയവും അതുപോലെതന്നെ മസ്തിഷ്കവും ഇതിന്റെ യാഥാർഥ്യത്തിൽ നിന്ന് ശൂന്യമാണെങ്കിൽ നമ്മളും ലോകത്ത് ഫിത്നയും ഫസാദും ഉണ്ടാക്കുന്നവരിൽ ഉൾപ്പെടുന്നതാണ്. സമാധാനവും ശാന്തിയും പരത്തുന്നവരും തിരുനബി(സ) കൊണ്ടുവന്നിട്ടുള്ള അധ്യാപനത്തെ പിന്തുടരുന്നവരും ആകാൻ നമുക്ക് കഴിയുന്നതുമല്ല.

ചുരുക്കത്തിൽ ഇത് ചിന്തിക്കേണ്ട സന്ദർഭമാകുന്നു. വളരെയേറെ ചിന്തിച്ചു നോക്കുക, വളരെ ആശങ്കാജനകമായ ഒരു ഘട്ടമാണിത്. ഇന്ന് ഓരോ അഹ്മദിയും യഥാർഥ സമാധാനം ലോകത്ത് ഉണ്ടാക്കുന്നതിനുവേണ്ടി ഏകനായ അല്ലാഹുവുമായിട്ടുള്ള തന്റെ വിശ്വാസത്തെ ബലവത്താക്കേണ്ടതാണ്. അല്ലാഹുവുമായിട്ടുള്ള സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിക്കണം. മറ്റൊരു സ്നേഹവും അതിന്റെ സ്ഥാനത്ത് ഇടം പിടിക്കരുത്. അവന്റെ കല്പനകളെ പ്രാവർത്തികമാക്കുന്നതിനു വേണ്ടി തിരുനബി(സ)യ്ക്ക് ഇറങ്ങിയിട്ടുള്ള സന്ദേശത്തെ അതായത് വിശുദ്ധ ഖുർആനെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക. നമ്മുടെ നിലവാരം, വിശുദ്ധ ഖുർആന്റെ ഓരോ കല്പനയും റസൂൽ തിരുമേനി(സ)യുടെ ഓരോ നിർദേശവും നമ്മുടെ വാക്കിന്റെയും പ്രവർത്തിയുടെയും ഭാഗമാക്കി മാറ്റുകയാണെങ്കിൽ മാത്രമേ നമുക്ക് ലോകത്ത് ഇസ്‌ലാമിന്റെ യഥാർഥ സമാധാന സന്ദേശം എത്തിക്കാൻ സാധിക്കുകയുള്ളു.

അവർക്ക് യഥാർഥ സമാധാനത്തിന്റെ തത്ത്വരഹസ്യം, കേവലം സന്ദേശം സമർപ്പിച്ചുകൊണ്ടു മാത്രമല്ല മറിച്ച് നമ്മുടെ കർമങ്ങൾകൊണ്ട്

നാം അവരെ പഠിപ്പിക്കേണ്ടതാണ്. ഇതുതന്നെയാണ് ലോകത്ത് യഥാർഥ സമാധാനം സ്ഥാപിക്കുന്നതിനും റസൂൽ തിരുമേനി(സ)യെ ലോകത്ത് സമാധാനത്തിന്റെ മഹാനായ വ്യക്തിത്വമായി സ്ഥാപിക്കുന്നതിനും ഇസ്‌ലാമിനെതിൽ ആരോപണം ഉന്നയിക്കുന്നവരുടെ വായടപ്പിക്കുന്നതിനുമുള്ള മാർഗം. ഇന്ന് ഈ കർത്തവ്യം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. നമ്മൾ നമ്മുടെ വീടുകളിൽ നിന്ന് തുടങ്ങി അന്താരാഷ്ട്രതലം വരെ ഇതനുസരിച്ച് നമ്മുടെ കർത്തവ്യം നിർവഹിക്കുന്നില്ലെങ്കിൽ നമുക്ക് സമാധാനത്തിൽ കഴിയാമെന്നതിനും നമ്മുടെ തലമുറകൾ സമാധാനത്തിൽ കഴിയുമെന്നതിനും ലോകത്ത് സമാധാനമുണ്ടാകുമെന്നതിനും യാതൊരു ഉറപ്പുമുണ്ടാകില്ല. അല്ലാഹു നമ്മളെ, ലോകത്തെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കു നയിക്കാനുള്ള നിമിത്തമാക്കി മാറ്റുമാറാകട്ടെ. അല്ലാഹു നമുക്ക് നല്ല രീതിയിൽ നമ്മുടെ കടമകൾ നിറവേറ്റുന്നതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഇനി നമുക്ക് ദുആ ചെയ്യാം; അല്ലാഹു ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരെയും ജൽസയുടെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാക്കുമാറാകട്ടെ. എല്ലാവരെയും ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അവകാശികളാക്കിത്തീർക്കുമാറാകട്ടെ. ലോകത്തിന്റെ അവസ്ഥയിൽ എത്രയും പെട്ടെന്ന് എല്ലാ ഭാഗത്തും സമാധാനത്തിന്റെ അന്തരീക്ഷം ഉണ്ടാക്കുമാറാകട്ടെ. അങ്ങനെ നമ്മുടെ ജൽസ വീണ്ടും വലിയ തലത്തിൽ എല്ലാ തരത്തിലുള്ള ആശങ്കകളിൽ നിന്നും മുക്തമായി നടത്താൻ നമുക്ക് കഴിയുമാറാകട്ടെ. അങ്ങനെ നമുക്ക് വൈജ്ഞാനികവും ആത്മീയവുമായ നമ്മുടെ ദാഹം ശമിപ്പിക്കാൻ കഴിയുമാറാകട്ടെ. യഥാർഥത്തിൽ നമ്മുടെ ജീവിതത്തിൽ ഈ ഇസ്‌ലാമിന്റെ അധ്യാപനം അനുസരിച്ച് മാറ്റം വരുത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ സ്നേഹവും അവന്റെ അനുഗ്രഹങ്ങളും നമുക്ക് സ്വായത്തമാക്കാൻ കഴിയുമാറാകട്ടെ.അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.ദുആ ചെയ്യാം.

ജർമനിയിലെ ജൽസയിൽ പങ്കെടുത്ത ആളുകളുടെ എണ്ണം കേട്ടതിനു ശേഷം മുദ്രാവാക്യം വിളിച്ചുകൊള്ളുക. മൊത്തം ഹാജർനില 19782 ആകുന്നു. അതിൽ 9482 സ്ത്രീകളും 10300 പുരുഷന്മാരും ആകുന്നു. കൂടാതെ മറ്റ് പല രീതിയിലും ഈ ജൽസയിൽ പങ്കെടുക്കുകയും ഭാഗഭാക്കാകയും ചെയ്യുന്നവരുമുണ്ട്. അവരുടെ എണ്ണം 40000 ത്തിൽ അധികമാണ്.

(അൽഫദ്ൽ ഇന്റർനാഷണൽ 27.9.2022, പേജ്: 69)